# കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## പാണ്ടിക്കാട് ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2019-2020

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
മലപ്പുറം-676505

ഇ-മെയിൽ: dompm.ksad@kerala.gov.in

ഫോൺ : 0483-2734951

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: KSA MPM7/1128/2021

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
മലപ്പുറം-676505
തീയ്യതി: 24/08/2021
ഇ-മെയിൽ:
dompm.ksad@kerala.gov.in
ഫോൺ: 0483-2734951

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
പാണ്ടിക്കാട് ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : പാണ്ടിക്കാട് ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം പാണ്ടിക്കാട് ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, മലപ്പുറം.
3) കാര്യാലയ പകർപ്പ്.

നമ്പർ: KSA MPM7/1128/2021 തീയ്യതി: 24/08/2021

## മലപ്പുറം ജില്ലയിലെ പാണ്ടിക്കാട് ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

മലപ്പുറം ജില്ലയിലെ പാണ്ടിക്കാട് ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 23-06-2021 മുതൽ 11-07-2021 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 31 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 28 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 26-07-2021 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ.അനിൽ മാത്യൂ എ െപ് | ഡെപ്യൂട്ടി ജയറക്ടർ | 12-07-2021 | 15-07-2021 |
| ശ്രീ.ഉണ്ണി പൂതംകുറ്റി | ഡെപ്യൂട്ടി ജയറക്ടർ | 16-07-2021 | 26-07-2021 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 12-07-2021 | 26-07-2021 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ.അപ്ദുൽ സത്താർ സി.പി -ഓഡിറ്റ് ഓഫീസർ
ശ്രീ.അബ്ദുൾ ഗഫൂർ.സി -അസിറ്റന്റ് ഓഡിറ്റ് ഓഫീസർ

ശ്രീ.സന്തോഷ.പി.ടി -അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീമതി അസീന എ.പി -അസിറ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീമതി വിനീത കെ.പി -ഓഡിറ്റർ
ശ്രീമതി.ഷീബ.പി -ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| അജിത എൻ.ടി | പ്രസിഡന്റ് | 01-04-2019 | 31-03-2020 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ.രാകേഷ് മോഹൻ.എം | സെക്രട്ടറി ഇൻ ചാർജ്ജ്(അസിസ്റ്റന്റ് സെക്രട്ടറി) | 01-04-2019<br>01-05-2019 | 23-04-2019<br>02-07-2019 |
| ശ്രീമതി.ബീന.എസ് | സെക്രട്ടറി | 24-04-2019 | 30-04-2019 |
| ശ്രീ.അശോകൻ ടി.വി | സെക്രട്ടറി ഇൻ ചാർജ്ജ്(ജൂനിയർ സൂപ്രണ്ട്) | 03-07-2019 | 28-07-2019 |
| ശ്രീമതി.ദീപാകുമാരി.എം.കെ | സെക്രട്ടറി | 29-07-2019 | 29-11-2019 |
| ശ്രീ.രാജുമോഹൻ.ജി | സെക്രട്ടറി ഇൻ ചാർജ്ജ്(അസിസ്റ്റന്റ് സെക്രട്ടറി) | 30-11-2019 | 15-12-2019 |
| ശ്രീ. പ്രഭാകരൻ.കെ | സെക്രട്ടറി | 16-12-2019 | 31-03-2020 |
| ശ്രീ.മനോജ്,കെ.ജി | അസി.എഞ്ചിനീയർ | 01-04-2019 | 31-03-2020 |
| ശ്രീമതി.ലിനി.ജി | കൃഷി ഓഫീസർ | 01-04-2019<br>18-09-2019 | 04-04-2019<br>14-10-2019 |
| ശ്രീമതിഫാത്തിമ റഹിയാനത്ത്.കെ | കൃഷി ഓഫീസർ | 05-04-2019 | 17-09-2019 |
| ശ്രീമതി.സുമയ്യ പട്ടശ്ശേരി | കൃഷി ഓഫീസർ | 15-10-2019 | 30-12-2019 |
| ശ്രീമതി.സുധ.എസ് | കൃഷി ഓഫീസർ | 31-12-2019 | 19-01-2020 |
| ശ്രീമതി.നഹ് ല എ.പി | കൃഷി ഓഫീസർ | 20-01-2020 | 31-03-2020 |

| | | | |
|---|---|---|---|
| ശ്രീ.മുഹമ്മദ് ബൈജു | വി.ഇ.ഒ | 01-04-2019 | 31-03-2020 |
| ശ്രീമതി ജ്യോതിർമയി | ഹെഡ്മിസ്ട്രസ്സ് | 01-04-2019 | 31-03-2020 |
| ശ്രീ.രാകേഷ് മോഹൻ.എം | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2019 | 02-07-2019 |
| ശ്രീ.രാജുമോഹൻ.ജി | അസിസ്റ്റന്റ് സെക്രട്ടറി | 22-07-2019 | 31-03-2020 |
| ശ്രീ.അശോകൻ ടി.വി | ജൂനിയർ സൂപ്രണ്ട്(അസിസ്റ്റന്റ് സെക്രട്ടറി അധിക ചുമതല) | 03-07-2019 | 21-07-2019 |
| ശ്രീമതി.സലീല.എം | എെ.സി.ഡി.എസ് | 01-04-2019 | 11-12-2019 |
| ശ്രീമതി.സുമ.കെ | എെ.സി.ഡി.എസ് | 12-12-2019 | 31-03-2020 |
| ഡോ.ലാന്സ് ലെറ്റ് തോമസ് | മെഡിക്കൽ ഓഫീസർ(പി.എച്ച്.സി) | 01-04-2019 | 31-03-2020 |
| ഡോ.വി.എൻ കവിത | മെഡിക്കൽ ഓഫീസർ(ആയുർവ്വേദം) | 01-04-2019 | 31-03-2020 |
| ഡോ.അഞ്ജു.സി.രാജ് | മെഡിക്കൽ ഓഫീസർ(ഹോമിയോ) | 01-04-2019 | 31-03-2020 |
| ഡോ.രവികുമാർ | വെറ്ററിനറിസർജൻ | 01-04-2019 | 14-08-2019 |
| ഡോ.നൗഷാദലി | വെറ്ററിനറിസർജൻ | 15-08-2019 | 31-03-2020 |
| ശ്രീ.മുഹമമദാലി.എം | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2019 | 28-07-2019 |
| ശ്രീമതി.അനുല.എസ്.മേനോൻ | ഡയറി ഫാം ഇൻസ്ട്രക്ടർ | 29-07-2019 | 31-03-2020 |

<u>ഉള്ളടക്കം</u>


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്<br>Written By: Abdul.Gafoor.C (Asst. Audit Officer, On 19-07-2021)<br>Last Updated By: Abdul Sathar C.P (Audit Officer, On 09-08-2021) | 1-1 |
| 2 | വാർഷിക ധനകാര്യ പത്രിക<br>Written By: Abdul.Gafoor.C (Asst. Audit Officer, On 19-07-2021)<br>Last Updated By: Unni.P (Deputy Director, On 16-08-2021) | 1-2 |
| 3 | സാമ്പത്തിക വിശകലനം<br>Written By: Abdul.Gafoor.C (Asst. Audit Officer, On 19-07-2021)<br>Last Updated By: Abdul Sathar C.P (Audit Officer, On 09-08-2021) | 1-3 |
| 4 | ഫണ്ട് വിനിയോഗം<br>Written By: Santhosh.P.T (Asst. Audit Officer, On 27-07-2021)<br>Last Updated By: Unni.P (Deputy Director, On 16-08-2021) | 1-4 |
| 5 | പദ്ധതി അവലോകനം<br>Written By: Abdul.Gafoor.C (Asst. Audit Officer, On 19-07-2021)<br>Last Updated By: Unni.P (Deputy Director, On 16-08-2021) | 1-5 |
| 6 | തൊഴിലുറപ്പ് പദ്ധതി<br>Written By: Santhosh.P.T (Asst. Audit Officer, On 19-07-2021)<br>Last Updated By: Abdul Sathar C.P (Audit Officer, On 09-08-2021) | 1-6 |
| 7 | ക്ഷേമ പദ്ധതികൾ<br>Written By: Santhosh.P.T (Asst. Audit Officer, On 19-07-2021)<br>Last Updated By: Unni.P (Deputy Director, On 16-08-2021) | 1-7 |
| 8 | ക്യാഷ് പരിശോധന<br>Written By: Abdul.Gafoor.C (Asst. Audit Officer, On 22-07-2021)<br>Last Updated By: Abdul.Gafoor.C (Asst. Audit Officer, On 22-07-2021) | 1-8 |
| 9 | ആഭ്യന്തര നിയന്ത്രണം<br>Written By: Santhosh.P.T (Asst. Audit Officer, On 25-07-2021)<br>Last Updated By: Unni.P (Deputy Director, On 16-08-2021) | 1-9 |
| 10 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം<br>Written By: Abdul.Gafoor.C (Asst. Audit Officer, On 19-07-2021)<br>Last Updated By: Unni.P (Deputy Director, On 16-08-2021) | 1-10 |
| 11 | വാർഷിക കണക്കിലെ അപാകതകൾ<br>Written By: Abdul.Gafoor.C (Asst. Audit Officer, On 26-07-2021)<br>Last Updated By: Unni.P (Deputy Director, On 16-08-2021) | 1-11 |
| 12 | മാന്വൽ രസീതി-സർട്ടിഫിക്കറ്റ് ഓഫ് കൗണ്ട് രേഖപ്പെടുത്തിയിട്ടില്ല<br>Written By: SHEEBA P (Auditor, On 26-07-2021)<br>Last Updated By: SHEEBA P (Auditor, On 26-07-2021) | 1-12 |
| 13 | മാന്വൽ രസീതി-വിതരണത്തിലെ അപാകതകൾ<br>Written By: SHEEBA P (Auditor, On 26-07-2021)<br>Last Updated By: Abdul Sathar C.P (Audit Officer, On 09-08-2021) | 1-13 |
| 14 | ക്യാൻസൽ ചെയ്ത രസീതികൾ സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല.<br>Written By: SHEEBA P (Auditor, On 26-07-2021)<br>Last Updated By: Abdul Sathar C.P (Audit Officer, On 09-08-2021) | 1-14 |
| 15 | മരുന്നുകൾ ലഭ്യമാക്കേണ്ടതാണ്.<br>Written By: Santhosh.P.T (Asst. Audit Officer, On 24-07-2021)<br>Last Updated By: Unni.P (Deputy Director, On 16-08-2021) | 1-15 |
| 16 | അസിസ്റ്റന്റ് എഞ്ചിനീയറുടെ പദ്ധതികൾ-അവലോകനം<br>Written By: Abdul.Gafoor.C (Asst. Audit Officer, On 26-07-2021)<br>Last Updated By: Unni.P (Deputy Director, On 16-08-2021) | 1-16 |
| 17 | തൊഴിൽ നികുതി, സ്ഥാപന നികുതി ഈടാക്കിയിട്ടില്ല.<br>Written By: Vineetha P P (Auditor, On 27-07-2021)<br>Last Updated By: Unni.P (Deputy Director, On 16-08-2021) | 1-17 |

| | | |
|---|---|---|
| 18 | പൗൾട്രി ഫാമുകൾ ലൈസൻസ് എടുക്കാതെ പ്രവർത്തിക്കുന്നു<br>Written By: Vineetha P P (Auditor, On 26-07-2021)<br>Last Updated By: Abdul Sathar C.P (Audit Officer, On 09-08-2021) | 1-18 |
| 19 | വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയില്ല.ചെലവ് തുക തടസ്സം ചെയ്യുന്നു<br>Written By: Santhosh.P.T (Asst. Audit Officer, On 24-07-2021)<br>Last Updated By: Unni.P (Deputy Director, On 16-08-2021) | 1-19 |
| 20 | രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കിയില്ല<br>Written By: Santhosh.P.T (Asst. Audit Officer, On 24-07-2021)<br>Last Updated By: Unni.P (Deputy Director, On 16-08-2021) | 1-20 |
| 21 | CPRCS വഴി ലാപ്ടോപ് വാങ്ങി വിതരണം - അപാകതകൾ<br>Written By: ASEENA.A.P (Asst. Audit Officer, On 25-07-2021)<br>Last Updated By: Unni.P (Deputy Director, On 16-08-2021) | 1-21 |
| 22 | ഹാൾ ബുക്കിങ്ങ് - അപേക്ഷകൾ ഫയലിൽ സൂക്ഷിച്ചിട്ടില്ല.<br>Written By: Vineetha P P (Auditor, On 26-07-2021)<br>Last Updated By: Abdul Sathar C.P (Audit Officer, On 09-08-2021) | 1-22 |
| | **ഭാഗം 2** | |
| | --- No Records Found --- | |
| | **ഭാഗം 3** | |
| | --- No Records Found --- | |
| | **ഭാഗം 4** | |
| 1 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം<br>Written By: Abdul.Gafoor.C (Asst. Audit Officer, On 19-07-2021)<br>Last Updated By: Unni.P (Deputy Director, On 16-08-2021) | 4-1 |
| 2 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം<br>Written By: Abdul.Gafoor.C (Asst. Audit Officer, On 19-07-2021)<br>Last Updated By: Unni.P (Deputy Director, On 16-08-2021) | 4-2 |
| 3 | നിക്ഷേപ പ്രവൃത്തികൾക്ക് നല്കിയ തുകയുടെ വിവരങ്ങൾ<br>Written By: Abdul.Gafoor.C (Asst. Audit Officer, On 19-07-2021)<br>Last Updated By: Unni.P (Deputy Director, On 16-08-2021) | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ<br>Written By: Abdul.Gafoor.C (Asst. Audit Officer, On 19-07-2021)<br>Last Updated By: Abdul Sathar C.P (Audit Officer, On 09-08-2021) | 4-4 |
| 5 | വായ്പ/വായ്പ തിരിച്ചടവ്<br>Written By: Abdul.Gafoor.C (Asst. Audit Officer, On 19-07-2021)<br>Last Updated By: Unni.P (Deputy Director, On 16-08-2021) | 4-5 |
| 6 | ഓഡിറ്റ് റിക്കവറി.<br>Written By: Abdul.Gafoor.C (Asst. Audit Officer, On 19-07-2021)<br>Last Updated By: Abdul Sathar C.P (Audit Officer, On 09-08-2021) | 4-6 |
| 7 | സ്ഥിരനിക്ഷേപങ്ങൾ<br>Written By: Abdul.Gafoor.C (Asst. Audit Officer, On 19-07-2021)<br>Last Updated By: Abdul Sathar C.P (Audit Officer, On 09-08-2021) | 4-7 |
| 8 | ചാർജ് സർചാർജ് നടപടികളുടെ വിവരം.<br>Written By: Abdul.Gafoor.C (Asst. Audit Officer, On 19-07-2021)<br>Last Updated By: Abdul Sathar C.P (Audit Officer, On 09-08-2021) | 4-8 |
| 9 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.<br>Written By: Abdul.Gafoor.C (Asst. Audit Officer, On 19-07-2021)<br>Last Updated By: Abdul Sathar C.P (Audit Officer, On 09-08-2021) | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം.<br>Written By: Abdul.Gafoor.C (Asst. Audit Officer, On 19-07-2021)<br>Last Updated By: Unni.P (Deputy Director, On 16-08-2021) | 4-10 |
| 11 | | 4-11 |

| | | |
|---|---|---|
| | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ<br>Written By: Abdul.Gafoor.C (Asst. Audit Officer, On 19-07-2021)<br>Last Updated By: Unni.P (Deputy Director, On 16-08-2021) | |
| **അനുബന്ധം** | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |

# ഭാഗം -1

## 1-1 ബജറ്റ്

| 2019-20 ലെ ബജറ്റ് പാസാക്കിയ തിയ്യതി | ബജറ്റ് പുതുക്കിയ തിയ്യതി |
|---|---|
| 22.02.2019 തീരുമാനം നമ്പർ 1/1 | 16.3.20 തീരുമാനം നമ്പർ 3/1 |

## 1-2 വാർഷിക ധനകാര്യ പത്രിക

| സാമ്പത്തിക വർഷം | ഓഡിറ്റിൽ ലഭിക്കേണ്ട തീയതി | ലഭിച്ച തിയതി |
|---|---|---|
| 2019-20 | 31-07-2020 | 29-06-2020 |

## 1-3 സാമ്പത്തിക വിശകലനം

| ഇനം | വർഷം (2019-20) |
|---|---|
| മുന്നിരിപ്പ് | 5,64,19,791 |
| വരവ് | 11,33,95,438 |
| ആകെ | 16,98,15,229 |
| ചെലവ് | 10,00,91,307 |
| നീക്കിയിരിപ്പ് | 6,97,23,922 |

## 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻബാക്കി | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| വികസന ഫണ്ട് (ജനറൽ) | 00 | 19980124 | 19980124 | 14726155 | 5253969 |
| വികസന ഫണ്ട് (എസ്.സി.പി) | 00 | 14962941 | 14962941 | 9500450 | 5462491 |
| വികസന ഫണ്ട് (ടി.എസ്.പി) | 00 | 00 | 00 | 00 | 00 |
| സംരക്ഷണ ഗ്രാന്റ്(റോഡ്) | 00 | 16315000 | 16315000 | 10212535 | 6102465 |
| സംരക്ഷണ ഗ്രാന്റ് (റോഡിതരം) | 00 | 6713000 | 6713000 | 3414628 | 3298372 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് | 00 | 17292263 | 17292263 | 6927095 | 10365168 |
| സാക്ഷരത | 4601 | 181 | 4782 | - | 4782 |
| തനത് ഫണ്ട് ( SBIബാങ്ക് അക്കൗണ്ട്) | 7162881 | 26794886 | 33957767 | 17601865 | 16355902 |
| തനത് ഫണ്ട് (ട്രഷറി അക്കൗണ്ട്) | 26830393 | 26050000 | 52880393 | 21362308 | 31518085 |
| കരുവാരകുണ്ട് സർവ്വീസ് ബാങ്ക് | 20902286 | 20848686 | 41750972 | 21042524 | 20708448 |
| എസ്.എസ്.എ. | 159390 | 5298 | 164688 | - | 164688 |
| കെ.ജി. ബി. പശ്ചിമ ഘട്ടവികസന പദ്ധതി | 38592 | 1516 | 40108 | - | 40108 |
| | | | | | |

| | | | | | |
|---|---|---|---|---|---|
| ജോയ്ന്റ് വെഞ്ച്വർ | 807265 | - | 807265 | 733460 | 73805 |
| ദുരിതാശ്വാസ നിധി | 3469 | 137 | 3606 | - | 3606 |
| എം.ജി.എൻ.ആർ.ജി.എസ് | 11776 | 1127828 | 1139604 | 1052434 | 87170 |
| | | | | | |

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്കുകൾ നടപ്പാക്കിയതിന്റെ വിവരം

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | ചെലവഴിച്ച തുക | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തത് (എണ്ണം) | പൂർത്തീ കരിച്ച പ്രോജക്കുകൾ (%) |
|---|---|---|---|---|---|---|
| 354 | 163037007 | 206 | 86972762 | 124 | 24 | 58.19 |

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണ ചെലവുകൾ | 11776 | 1127828 | 1139604 | 1052434 | 87170 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നല്കുന്നത് | 00 | 15661192 | 15661192 | 15661192 | ഇല്ല |

MGNREGS-നേരിട്ട് നൽകൽ: Unskilled Wages-15302555, Semi Skilled And Skilled Wages-358637, Material-1138169ന് എന്നിങ്ങനെയാണ്. എന്നാൽ ഇൻകം &എക്സ്പെൻഡീച്ചർ പത്രികയിൽ 1,73,37,444രൂപയാണ് ഉൾപ്പെടുത്തിയിരിക്കുന്നത്.

## 1-7 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമ പഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ

| ക്ഷേമ പദ്ധതികളുടെ പേര് | ചെലവുതുക | ഗുണഭോക്താക്കൾ(എണ്ണം) |
|---|---|---|
| തൊഴിൽ രഹിത വേതനം | 2,39,040 | 153 |
| കർഷക തൊഴിലാളി പെൻഷൻ | 32,43,000 | 1023 |
| വിധവാ പെൻഷൻ | 76,66,200 | 2219 |
| വാർദ്ധക്യകാല പെൻഷൻ | 85,74,000 | 2672 |
| വികലാംഗ പെൻഷൻ | 28,30,800 | 838 |
| വിവാഹ ധനസഹായം | 2,70,000 | 9 |
| 50 വയസ്സിനു മുകളിലുള്ള അവിവാഹിതകൾക്കുള്ള പെൻഷൻ | 4,53,000 | 136 |

## 1-8 ക്യാഷ് പരിശോധന

1994ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 6(4) പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 12.07.2021 ന് സ്ഥാപനത്തിലെ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തി. പരിശോധനയിൽ 10336 രൂപയുടെ നീക്കിയിരിപ്പ് ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തര നിയന്ത്രണം

1 നിർവഹണ ഉദ്യോഗസ്ഥർ പ്രോജെക്ട് നിർവഹണത്തിനുശേഷം ഫയലുകളോടൊപ്പം മോണിറ്ററിംഗ് കമ്മിറ്റി റിപ്പോർട്ടുകൾ

ചേർത്തുവച്ചിട്ടില്ല.
2 മാലിന്യ സംസ്കരണത്തിന് ഗ്രാമ പഞ്ചായത്തിൽ നിന്നും ഓഡിറ്റ് വർഷം ചെലവ് നടത്തിയിട്ടില്ല.
3 സ്ഥിരാസ്തികളുടെ ഭൗതിക പരിശോധന കേരള പഞ്ചായത്ത് രാജ്(അക്കൗണ്ട്സ്) ചട്ടങ്ങൾ പ്രകാരം പ്രതി വർഷം നടത്തി ആസ്തി രജിസ്റ്ററുകൾ കാലികമാക്കിയിട്ടില്ല.
4 ഓഫീസിലെ എല്ലാ സെക്ഷനുകളും തൻപതിവേട്ടകൾ എഴുതുന്നില്ല. എഴുതുന്നവ അപൂർണവും, മേൽപരിശോധന നടത്തപ്പെടാത്തവയുമാണ്. സൂചിക വിതരണ രജിസ്റ്ററിൽ തിയ്യതി വച്ച് എല്ലാ സെക്ഷനുകളും ഒപ്പു വയ്ക്കുന്നുമില്ല. ഇക്കാര്യത്തിൽ ഉദ്യോഗസ്ഥ ഭരണ പരിഷ്കാര (റൂൾസ്) വകുപ്പിന്റെ 12-2-2021 ലെ നം. റൂൾസ്-2/22/2020/ഉഭപവ സർക്കുലർ നിർദ്ദേശങ്ങൾ പാലിക്കേണ്ടതാണ്.
5 സ്ട്രീറ്റ് ലൈറ്റ് രജിസ്റ്ററിൽ പൂർണ വിവരങ്ങൾ രേഖപ്പെടുത്തിയിട്ടില്ല.
6 സ്റ്റാന്റിംഗ് കമ്മിറ്റികളുടെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കേണ്ടതുണ്ട്.
7. നിർവഹണ ഉദ്യോഗസ്ഥർ എല്ലാവരും കേരള പഞ്ചായത്ത് രാജ്(അക്കൗണ്ട്സ്) ചട്ടങ്ങളിലെ ചട്ടം 16 പ്രകാരം കാഷ് ബുക്ക് കൈകാര്യം ചെയ്യുന്നില്ല.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം നടത്തിയ തിയ്യതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തിയ്യതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 14.10.20 മുതൽ15.10.20 | 1/20 മുതൽ 3/20 | 15.10.20 |
| എ.ജി. ഓഡിറ്റ് | 30.8.2019 മുതൽ 19.9.2019വരെ | 2014-15മുതൽ 2018-19 വരെ | 30.10.2019 |

## 1-11 വാർഷിക കണക്കിലെ അപാകതകൾ

2019-20 വാർഷിക കണക്ക് പരിശോധിച്ചതിൽ താഴെപറയുന്ന അപാകതകൾ കാണുന്നു.

1. B-4 ഷെഡ്യൂളിൽ ഉൾപ്പെട്ട ചെലവഴിക്കാൻ അവശേഷിക്കുന്ന ഗ്രാന്റുകളെ സാധൂകരിക്കുന്ന രീതിയിൽ ആവശ്യമായ രജിസ്റ്ററുകൾ സൂക്ഷിക്കുന്നില്ല.

2.സ്ഥിരാസ്തികളുടെ ഭൗതിക പരിശോധന നടത്തിയതായി കാണുന്നില്ല.

3.വിനോദ നികുതി ഇനത്തിൽ 150623 രൂപയും, Rent From Auditorium ഇനത്തിൽ 23500 രൂപയും AFS പ്രകാരം വരവ് ഉണ്ടെങ്കിലും രജിസ്റ്റർ പരിശോധനക്ക് ഹാജരാക്കിയില്ല.

4.ഡെപ്പോസിറ്റ് രജിസ്റ്റർ സംഗ്രഹം എഴുതി സാക്ഷ്യപ്പെടുത്തിയിട്ടില്ല.

5.അഡ്വാൻസ് രജിസ്റ്റർ സംഗ്രഹം എഴുതി സാക്ഷ്യപ്പെടുത്താത്തതിനാൽ AFS മായി ഒത്തു നോക്കാൻ സാധിച്ചില്ല.

6. AFS B-5 പ്രകാരം ലോൺ ഇനത്തിൽ 23529412 രൂപ ബാധ്യത ഉണ്ടെങ്കിലും വായ്പ രജിസ്റ്റർ പരിശോധനക്ക് ഹാജരാക്കിയില്ല.

7.വസ്തു നികുതി സംഗ്രഹം തയ്യാറാക്കി സാക്ഷ്യപ്പെടുത്താത്തതിനാൽ വാർഷിക കണക്കുമായി ഒത്ത് നോക്കാൻ സാധിച്ചില്ല.

## 1-12 മാന്വൽ രസീതി-സർട്ടിഫിക്കറ്റ് ഓഫ് കൗണ്ട് രേഖപ്പെടുത്തിയിട്ടില്ല

പഞ്ചായത്തിലെ വസ്തുനികുതി, വിവിധ നിർവഹണ ഉദ്യോഗസ്ഥർക്ക് ഗുണഭോക്തൃ വിഹിതം എന്നിവ പിരിച്ചെടുക്കുന്നതിനായി നൽകിയ രസീത് ബുക്കുകളിൽ പലതിലും സർട്ടിഫിക്കറ്റ് ഓഫ് കൗണ്ട് രേഖപ്പെടുത്തിയിട്ടില്ല. 2011ലെ കേരള പഞ്ചായത്തീരാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ- റൂൾ 4 (3) പ്രകാരം രസീതുകൾ ക്രമമായി നമ്പറിട്ട് സൂക്ഷിക്കേണ്ടതും പഞ്ചായത്ത് സെക്രട്ടറിയോ അദ്ദേഹം അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥനോ ഓരോ പുസ്തകത്തിന്റെയും താളുകൾ

എണ്ണി തിട്ടപ്പെടുത്തി അവസാനത്തെ പേജിൽ സാക്ഷ്യപത്രം രേഖപ്പെടുത്തേണ്ടതുമാണ്.

## 1-13 മാന്വൽ രസീതി-വിതരണത്തിലെ അപാകതകൾ

പഞ്ചായത്തിലെ വസ്തുനികുതി, വിവിധ നിർവഹണ ഉദ്യോഗസ്ഥർക്ക് ഗുണഭോക്തൃ വിഹിതം എന്നിവ പിരിച്ചെടുക്കുന്നതിനായി നൽകിയ രസീത് ബുക്കുകളിൽ ഒരു ഉദ്യോഗസ്ഥന് ഒരേ സമയം ഒന്നിലധികം രസീത് ബുക്കുകൾ നൽകിയതായി കാണുന്നു. 2011ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങളിലെ ചട്ടം 83 പ്രകാരം ഒഴിവാക്കാനാകാത്ത സന്ദർഭങ്ങളൊഴിച്ചുള്ള എല്ലാ അവസരങ്ങളിലും രസീത് ബുക്ക് പൂർണമായി ഉപയോഗിച്ചുതീരുകയും കൗണ്ടർഫോയിൽ പഞ്ചായത്തിൽ തിരിച്ചേൽപ്പിക്കുകയും ചെയ്യാതെ പുതിയ രസീത് ബുക്ക് നൽകാൻ പാടില്ലാത്തതാണ്. പുതിയ രസീത് ബുക്ക് നൽകുകയാണെങ്കിൽ കാരണം വ്യക്തമായി പുതിയ രസീത് ബുക്കിൽ രേഖപ്പെടുത്തേണ്ടതാണ്.

കൂടാതെ 2011ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങളിലെ ചട്ടം 20(2)(ബി) പ്രകാരം നിർവ്വഹണ ഉദ്യോഗസ്ഥർക്ക് നൽകുന്ന രസീത് സെക്രട്ടറി നൽകുന്ന രസീതിൽ നിന്ന് വ്യത്യസ്തമായിരിക്കേണ്ടതും അത് അക്കൗണ്ട്സ് മാന്വലിൽ നിർദ്ദേശിച്ച ഫോറത്തിൽ ഉള്ളതുമായിരിക്കണം. നിർവ്വഹണ ഉദ്യോഗസ്ഥർക്ക് വേണ്ടിയുള്ള രസീത് ബുക്കുകൾ നിർദ്ദിഷ്ട ഫോറത്തിൽ സെക്രട്ടറി അച്ചടിപ്പിച്ച് നൽകേണ്ടതുമാണ്. എന്നാൽ കൃഷി ഓഫീസർ, വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ, ഹെഡ് മിസ്ട്രസ് തുടങ്ങിയ വിവിധ നിർവഹണ ഉദ്യോഗസ്ഥർക്ക് നൽകിയ രസീത് ബുക്കുകൾ നിർദ്ദിഷ്ട ഫോറത്തിൽ ഉള്ളതല്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (ഓഡിറ്റ് എൻക്വയറി നമ്പർ-20/23.7.2021) നൽകിയ മറുപടിയിൽ ഗ്രാമലക്ഷ്മി സ്റ്റോറിൽ നിന്നും അച്ചടിച്ച നൽകുന്ന രസീത് ബുക്കുകളാണ് ഉപയോഗിക്കുന്നതെന്നും പ്രസ്തുത സ്റ്റോറിൽ പഞ്ചായത്തിൽ നിലവിൽ ഉപയോഗിക്കുന്ന മാതൃകയിലുള്ള രസീത് ബുക്കുകൾ മാത്രമേ ലഭ്യമായിട്ടുള്ളൂ എന്നുമാണ് അറിയിച്ചിട്ടുള്ളത്. ആയതിനാൽ ഈ വിഷയത്തിൽ സർക്കാർ ചട്ടങ്ങൾ നടപ്പിലാക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-14 ക്യാൻസൽ ചെയ്ത രസീതികൾ സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല.

പഞ്ചായത്തിലെ വിവിധ ഉദ്യോഗസ്ഥർക്ക് നൽകിയ രസീത് ബുക്കുകളിൽ ക്യാൻസൽ ചെയ്ത പല രസീതികളും സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല. രസീതുകൾ റദ്ദ് ചെയ്യേണ്ടി വന്നാൽ രസീതിന്റെ അസ്സൽ, പകർപ്പ് എന്നിവ സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്. പണമിടപാടുകൾ സുതാര്യമാക്കാനും ഇടപാടുകളിൽ ക്രമക്കേടുകൾ നടക്കുന്നില്ലായെന്ന് ഉറപ്പ് വരുത്തുന്നതിനും സർക്കാർ നിർദേശങ്ങൾ കൃത്യമായി പാലിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-15 മരുന്നുകൾ ലഭ്യമാക്കേണ്ടതാണ്.

2019-20സാമ്പത്തിക വർഷത്തിൽ മെഡിക്കൽ ഓഫീസർ (പിഎച്ച്സി) നിർവഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ താഴെ പറയുന്ന പ്രോജെക്ട് പ്രകാരം മരുന്നുകൾ വാങ്ങാൻ മുൻകൂർ നൽകിയിട്ടുണ്ട്. എന്നാൽ മരുന്നുകൾ പൂർണമായും ലഭ്യമായിട്ടില്ല. മരുന്നുകൾ വാങ്ങുന്നത് കേരള മെഡിക്കൽ സർവീസസ് കോർപ്പറേഷനിൽ നിന്നാണ്.

| ക്രമ നമ്പർ | പ്രോജെക്ട് നമ്പർ/പേര് | കേരള മെഡിക്കൽ സർവീസസ് കോർപ്പറേഷനിൽ അടവാക്കിയ തുക | ബിൽ നമ്പർ/ തിയതി | ലഭ്യമായ മരുന്നിന്റെ വില/ഇൻവോയ്സ് നമ്പർ | | ലഭ്യമാകുവാൻ അവശേഷിക്കുന്ന മരുന്നിന്റെ വില |
|---|---|---|---|---|---|---|
| 1 | 31/പി എച്ച് സിയിലേക്ക് മരുന്ന വാങ്ങൽ (മെയിന്റനൻസ് ഫണ്ട് നോൺ റോഡ്) | 4,39,084 | 2/19-20 തി. 14.1.20 2,75,909 രൂപ | 275909 | 7914//28.10.20 -1,46,643 രൂപ 8,050/5.11.20 -24,154 രൂപ 29549/16.1.21 -30,986 രൂപ 30169/7.2.21 -35,653രൂപ | Nil |

| | | | | | | |
|---|---|---|---|---|---|---|
| | | | | | 2311/7.2.21 -4,009രൂപ<br>2309/7.2.21 -4,127രൂപ<br>53/4.4.21 -13,346രൂപ<br>338/23.4.21 -16,991രൂപ<br>ആകെ -2,75,909 രൂപ | |
| | | | 8/19-20 തി. 17.3.20 1,63,175 രൂപ | Nil | Nil | 1,63,175 |
| | ആകെ | | | | | 1,63,175 |

ലഭ്യമാകുവാൻ അവശേഷിക്കുന്ന മരുന്നുകൾ ലഭ്യമാക്കുവാൻ സ്വീകരിച്ച നടപടികൾ വ്യക്തമാക്കണമെന്നാവശ്യപ്പെട്ട് നമ്പർ 8/22.7.21 പ്രകാരം ഓഡിറ്റ് എൻക്വയറി നൽകിയിരുന്നു. മരുന്നുകൾ ലഭ്യമാക്കുവാൻ നടപടി സ്വീകരിക്കേണ്ടതാണ്.

## <u>1-16 അസിസ്റ്റന്റ് എഞ്ചിനീയറുടെ പദ്ധതികൾ-അവലോകനം</u>

I) പ്രവൃത്തികൾ പൂർണ്ണമായി നടപ്പാക്കുന്നില്ല

2019-20 വർഷത്തിൽ ഗ്രാമ പഞ്ചായത്തിൽ അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി ആകെ 246 പ്രൊജക്ടുകളാണ് തയ്യാറാക്കിയത്. ഇതിൽ 121 പ്രൊജക്ടുകളിലായി ആകെ 26989472 രൂപ മാത്രമാണ് ചെലവഴിക്കാനായത്.

| | | | |
|---|---|---|---|
| ആകെ പദ്ധതി | 246 | ആകെ അടങ്കൽ | 58977631 |
| നടപ്പിലാക്കിയത് | 121 | ചെലവ് | 26989472 |
| ശതമാനം | 49.18 | ചെലവ് ശതമാനം | 45.76 |

ഒരു അസിസ്റ്റന്റ് എഞ്ചിനിയർ, രണ്ട് ഓവർസിയർമാർ എന്നീ സാങ്കേതിക ജീവനക്കാർക്ക് നടപ്പാക്കാവുന്നതിലും വളരെയധികം പ്രൊജക്ടുകൾ ഏറ്റെടുക്കുന്നതാണ് ഇത്തരത്തിൽ വളരെയധികം പ്രൊജക്ടുകൾ നടപ്പാക്കാതെ വരുന്നതിനും പലപ്പോഴും പദ്ധതിപ്പണം ലാപ്സാവുന്നതിനും ഇടയാക്കുന്നത്. ഇത്തരത്തിൽ വളരെയധികം പ്രൊജക്ടുകൾ ഏറ്റെടുക്കുന്നത് ഒഴിവാക്കാൻ ശ്രമിക്കേണ്ടതാണ്.

2.പ്രൊജക്ടുകളുടെ ആധിക്യം നിർവ്വഹണത്തെ ബാധിക്കുന്നു.

ഗ്രാമ പഞ്ചായത്തിൽ 1 അസിസ്റ്റന്റ് എഞ്ചിനീയറും 2 ഓവർസിയറും അടക്കം ആകെ 3 ജീവനക്കാർ മാത്രമാണ് ഓഡിറ്റ് വർഷത്തിൽ ഉണ്ടായിരുന്നത്. ഗ്രാമ പഞ്ചായത്തിന്റെ 2019-20 വാർഷിക പദ്ധതിയുടെ 60% അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കാനുള്ള പദ്ധതികളാണ്. ഈ പ്രൊജക്ടുകളുടെയെല്ലാം എസ്റ്റിമേറ്റ് തയ്യാറാക്കുകയും തുടർന്ന് പ്രവൃത്തിയുടെ മേൽനോട്ടം വഹിക്കലും ബില്ല്, അളവ് പുസ്തകം എഴുതൽ എന്നിവയെല്ലൊം ചെയ്യേണ്ടത് ഈ മൂന്ന് പേർ ചേർന്നാണ്. പരിമിതമായ ജീവനക്കാർ മാത്രമായതും പ്രവൃത്തികളുടെ ബാഹുല്യവും പദ്ധതി നടപ്പിലാക്കുന്നത് വൈകുന്നതിനും കാരണമാകുന്നുണ്ടെന്ന് വ്യക്തമാണ്.

3.റോഡ് കണക്ടിവിറ്റി മാപ്പും പ്ലാനും തയ്യാറാക്കിയില്ല

ഓരോ തദ്ദേശ ഭരണ സ്ഥാപനവും റോഡ് കണക്ടിവിറ്റി മാപ്പും റോഡ് കണക്ടിവിറ്റി പ്ലാനും നിർബന്ധമായും തയ്യാറാക്കിയിരിക്കണമെന്നും, ഏതൊരു റോഡ് നിർമ്മാണ പ്രൊജക്ടിനൊപ്പവും റോഡ് കണക്ടിവിറ്റി മാപ്പിൽ പ്രൊജക്ടിലൂടെ നടത്താനുദ്ദേശിക്കുന്ന പ്രവൃത്തി പ്രത്യേക നിറത്തിൽ അടയാളപ്പെടുത്തി സമർപ്പിക്കണമെന്നും പദ്ധതി മാർഗ്ഗരേഖകളിൽ പ്രത്യേകം പരാമർശിച്ചിട്ടുള്ളതാണ്. എന്നാൽ ഒരു പ്രവൃത്തിയിലും ഈ നിബന്ധനകൾ പാലിച്ചതായി കണ്ടില്ല.

കൂടാതെ പഞ്ചായത്തിന്റെ ആസ്തികളുടെ സംരക്ഷണത്തിന് മുൻഗണനാടിസ്ഥാനത്തിൽ നടപ്പാക്കേണ്ട പ്രവൃത്തികൾ ഉൾപ്പെടുത്തി ഒരു മെയിന്റനൻസ് പ്ലാനും പഞ്ചായത്ത് തയ്യാറാക്കിയിട്ടില്ല. ഇക്കാരണങ്ങളാൽ തന്നെ മേൽ വർഷത്തിൽ നടപ്പാക്കേണ്ട ഏറ്റവും അനിവാര്യമായ പ്രൊജക്ടുകളാണോ നടപ്പാക്കിയത് എന്ന് പരിശോധിക്കാൻ സാധിച്ചിട്ടില്ല.

റോഡ് കണക്ടിവിറ്റി മാപ്പും റോഡ് കണക്ടിവിറ്റി പ്ലാനും തയ്യാറാക്കുകയും, പ്രസ്തുത രേഖകളും സ്റ്റാറ്റസ് റിപ്പോർട്ടും അടിസ്ഥാനമാക്കി മുൻഗണനാ ക്രമത്തിൽ മാത്രം പ്രൊജക്ടുകൾ തയ്യാറാക്കാൻ സ്റ്റാന്റിങ്ങ് കമ്മിറ്റി നിർവ്വഹണ ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നൽകേണ്ടതും ആയത് പ്രകാരമാണ് പദ്ധതികൾ രൂപീകരിക്കുന്നതെന്ന് ഉറപ്പ് വരുത്താൻ ശ്രദ്ധിക്കേണ്ടതുമാണ്.

4.രജിസ്റ്ററുകളുടെ സൂക്ഷിപ്പ്

എഗ്രിമെന്റ് രജിസ്റ്ററിൽ കരാർ തുക (പ്രോബബ്ൾ എമൗണ്ട് ഓഫ് കോൺട്രാക്റ്റ്), ഏതാനും പ്രവൃത്തികളുടെ മാത്രമാണ് രേഖപ്പെടുത്തിയിട്ടുള്ളത്. പ്രവൃത്തിയുടെ പൂർത്തീകരണ കാലാവധി തുടങ്ങിയ വിവരങ്ങൾ രേഖപ്പെടുത്തിയിട്ടില്ല. രജിസ്റ്ററുകളിലെ കോളങ്ങളെല്ലാം എഴുതി പൂർത്തീകരിച്ച് സൂക്ഷിക്കേണ്ടതാണ്.

5.Kcwwf കളക്ഷൻ ചാർജ് ഈടാക്കിയില്ല.

മരാമത്ത് പ്രവൃത്തികളിൽ ആകെ മൂല്യ നിർണ്ണയ തുകയുടെ ഒരു ശതമാനം തുക പ്രവൃത്തിയുടെ ബില്ലിൽ നിന്നും ഈടാക്കി കേരള നിർമാണ തൊഴിലാളി ക്ഷേമനിധിയിലേക്ക് അടവാക്കി വരുന്നുണ്ട്. 1996 ലെ ബിൽഡിംഗ് ആന്റ് അദർ കൺസ്ട്രക്ഷൻ വർക്കേർസ് വെൽഫയർ സെസ്സ് ആക്ട് സെക്ഷൻ 3-3 പ്രകാരം ഇപ്രകാരം വസൂലാക്കി നൽകുന്ന തുകയുടെ ഒരു ശതമാനം കളക്ഷൻ ചാർജ്ജ് ഇനത്തിൽ പഞ്ചായത്തിന് ഈടാക്കാവുന്നതാണ്.

എന്നാൽ ഈ ഇനത്തിൽ പഞ്ചായത്ത് തുകയൊന്നും ഈടാക്കിയിട്ടില്ല. മരാമത്ത് ബില്ലുകൾ പാസ്സാക്കുന്നതോടൊപ്പം തന്നെ നികുതികൾ ബന്ധപ്പെട്ട വകുപ്പുകളിലേക്ക് ട്രാൻസ്ഫർ ചെയ്യുന്നതോടൊപ്പം ഈയിനത്തിലുള്ള തുക പഞ്ചായത്ത് ഫണ്ടിലേക്കും ട്രാൻസ്ഫർ ചെയ്യുന്ന തരത്തിൽ പല ഗ്രാമപഞ്ചായത്തുകളിലും തുടരുന്ന രീതി സ്വീകരിച്ച് കൊണ്ട് പഞ്ചായത്തിന് ലഭിക്കാൻ അർഹതയുള്ള കളക്ഷൻ ചാർജ്ജ് ഈടാക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

## <u>1-17 തൊഴിൽ നികുതി, സ്ഥാപന നികുതി ഈടാക്കിയിട്ടില്ല.</u>

ഒരു ഗ്രാമപഞ്ചായത്തിന്റെ പരിധിയിൽ ഒരു അർദ്ധവർഷത്തിൽ തുടർച്ചയായോ, അല്ലാതെയോ 60 ദിവസം വരുമാനം ആർജ്ജിക്കുന്ന ഓരോ വ്യക്തിയും/ സ്ഥാപനവും ആ ഗ്രാമപഞ്ചായത്തിൽ അതാത് അർദ്ധവർഷത്തെ തൊഴിൽ നികുതി അടക്കാൻ ബാദ്ധ്യസ്ഥനാണ്. എന്നാൽ താഴെ പറയുന്ന സ്ഥാപനങ്ങളിൽ നിന്നും തൊഴിൽ നികുതി /സ്ഥാപന നികുതി ഈടാക്കിയിട്ടില്ല.

| ക്രമ നമ്പർ | സ്ഥാപനത്തിന്റെ പേര് |
|---|---|
| 1 | നന്മ ലാബ്,പാണ്ടിക്കാട് |
| 2 | റേഷൻ കടകൾ |
| 3 | എമിനന്റ് ഡെന്റൽ കെയർ,പാണ്ടിക്കാട് |
| 4 | വള്ളുവങ്ങാട് നിധി ലിമിറ്റഡ്,പാണ്ടിക്കാട് |
| 5 | സ്മാർട്ട് ഫൂട്ട് വെയർ,പാണ്ടിക്കാട് |
| 6 | ഇസാഫ് ഫിനാൻസ്,പാണ്ടിക്കാട് |
| 7 | ഗൈഡൻസ് പബ്ലിക് സ്കൂൾ, കൊടശേരി |

കൂടാതെ പഞ്ചായത്തിന്റ പരിധിയിലുള്ള കോൺട്രാക്ടേഴ്സിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയതായി കാണുന്നില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ലഭ്യമാക്കിയ മറുപടിയിൽ (ഓഡിറ്റ് എൻക്വയറി നം.22/23.07.2021) മേലിൽ തൊഴിൽ നികുതി ഈടാക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണെന്ന് മറുപടി നൽകി.

തൊഴിൽ നികുതി ഡിമാന്റ് കാലികമാക്കി നോട്ടീസ് നൽകി നൂറ് ശതമാനം ഉറപ്പ് വരുത്തേണ്ടതാണ്. ബാക്കി തുക അടവാക്കി വിവരം അറിയിക്കേണ്ടതാണ്.

## 1-18 പൗൾട്രി ഫാമുകൾ ലൈസൻസ് എടുക്കാതെ പ്രവർത്തിക്കുന്നു

2012 ലെ കേരള പഞ്ചായത്ത് രാജ് (ലൈവ് സ്റ്റോക്ക് ഫാമുകൾക്ക് ലൈസൻസ് നൽകൽ) ചട്ടങ്ങളിലെ ചട്ടം 3 പ്രകാരം ഗ്രാമപഞ്ചായത്തിന്റെ ലൈസൻസ് കൂടാതെയും ചട്ടങ്ങളിൽ വ്യവസ്ഥ ചെയ്തിട്ടുള്ള നിബന്ധനകൾ പാലിക്കാതെയും 100 പക്ഷികളിൽ കൂടുതലുള്ള പൗൾട്രി ഫാമുകൾ സ്ഥാപിക്കുവാനോ നടത്തിക്കൊണ്ട് പോവാനോ പാടുള്ളതല്ല. എന്നാൽ 2019-20 സാമ്പത്തിക വർഷത്തിൽ 4 പൗൾട്രി ഫാമിന് മാത്രമാണ് ലൈസൻസ് അനുവദിച്ചിട്ടുള്ളത്. പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന പൗൾട്രി ഫാമുകൾ പഞ്ചായത്തിൽ നിന്നുള്ള ലൈസൻസ് കൂടാതെയാണ് പ്രവർത്തിക്കുന്നത്. മുൻ വർഷങ്ങളിലായി 24 പൗൾട്രി ഫാമുകൾ പെർമിറ്റ് എടുത്തിട്ടുണ്ട്. 4 പൗൾട്രി ഫാമുകൾ മാത്രമാണ് ലൈസൻസ് എടുത്തതായി കാണുന്നുള്ളൂ. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ലഭ്യമാക്കിയ മറുപടിയിൽ (ഓഡിറ്റ് എൻക്വയറി നം.23/23.07.2021) മറ്റു പൗൾട്രി ഫാമുകൾ ലൈസൻസ് എടുക്കണമെന്നാവശ്യപ്പെട്ട് നോട്ടീസ് നൽകിയതായി അറിയിച്ചു. നടപടികളുടെ പുരോഗതി ഓഡിറ്റിൽ അറിയിക്കേണ്ടതാണ്. പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന എല്ലാ പൗൾട്രി ഫാമുകളും പഞ്ചായത്തിന്റെ ലൈസൻസോടുകൂടിയാണ് പ്രവർത്തിക്കുന്നതെന്ന് ഉറപ്പാക്കേണ്ടതാണ്.

## 1-19 വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയില്ല.ചെലവ് തുക തടസ്സം ചെയ്യുന്നു

2019-20 വർഷത്തിൽ സെക്രട്ടറി നിർവഹണം നടത്തിയ താഴെ പറയുന്ന പ്രോജെക്ടുകളുടെ കെഎസ്ഇബിയിൽ നിന്നുള്ള വിനിയോഗ സാക്ഷ്യപത്രം/പൂർത്തീകരണ വിവരം പരിശോധനയ്ക്ക് ഹാജരാക്കിയില്ല. നാല് പ്രോജെക്ടുകൾക്കും തനത് ഫണ്ടിൽനിന്നാണ് തുക ചെലവഴിച്ചിട്ടുള്ളത്.

| ക്രമ നമ്പർ | പ്രോജെക്ട് നമ്പർ/ പേര് | തുക | വൗച്ചർ/ബിൽ നമ്പർ തിയതി |
|---|---|---|---|
| 1 | 403/അർപ്പിനിക്കുന്ന് കുടിവെള്ള പദ്ധതി വൈദ്യുതീകരണവും കെ എസ് ഇ ബിക്ക് തുക അടവാക്കലും | 1,54,776 | 21901269/30.3.20 |
| 2 | 402/മാങ്ങോട്ട്കുന്ന് കുടിവെള്ള പദ്ധതി വൈദ്യുതീകരണവും കെഎസ്ഇബിക്ക് തുക അടവാക്കലും | 2,33,375 | 21901268/30.3.20 |
| 3 | 161/അർപ്പിനിക്കുന്ന് അയ്യാമണ്ണ് പോസ്റ്റ് മാറ്റി സ്ഥാപിക്കുന്നതിന് കെ എസ് ഇ ബിക്ക് തുക അടവാക്കൽ | 59,707 | 21900836/17.1.20 |
| 4 | 379/ കാരായപ്പാറ- പൊങ്കിപ്പൊയിൽ വൈദ്യുതി ലൈൻ വലിക്കുന്നതിന് കെ എസ് ഇ ബിക്ക് തുക അടവാക്കൽ | 30,334 | 21900506/4.10.19 |
| | ആകെ | 4,78,192 | |

വിനിയോഗ സാക്ഷ്യപത്രം ഓഡിറ്റിന് ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് നമ്പർ 7/22.7.21 പ്രകാരം ഓഡിറ്റ് എൻക്വയറി നൽകിയിരുന്നു. മേൽ സാഹചര്യത്തിൽ ചെലവ് തുക 4,78,192 രൂപ ഓഡിറ്റിൽ തടസ്സം ചെയ്യുന്നു.

## 1-20 രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കിയില്ല

2019-20 സാമ്പത്തിക വർഷത്തിൽ മെഡിക്കൽ ഓഫീസർ (ആരോഗ്യം) നിർവഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ താഴെ പറയുന്ന പ്രോജെക്ടുകളുടെ ചെലവ് രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല.

| ക്രമനമ്പർ | വർഷം | പ്രോജെക്ട് നമ്പർ/പേര് | തുക | ചെക്ക് നമ്പർ/ ബിൽ നമ്പർ തിയതി | ഫണ്ട് |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| 1 | 2019-20 | 32/പി എച്ച്സിയിലെ വാഹന മെയിന്റനൻസ് | 23634 | 5976/30.3.20 | തനത് ഫണ്ട് |
| | | ആകെ | 23,634 | | |

രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് 9/22.7.21 നമ്പർ പ്രകാരം ഓഡിറ്റ് എൻക്വയറി നൽകിയിരുന്നു. എന്നാൽ മറുപടി ലഭ്യമാക്കിയില്ല. ആതിനാൽ ചെലവ് തുക23,634 രൂപ ഓഡിറ്റിൽ തടസ്സം ചെയ്യുന്നു.

## 1-21 CPRCS വഴി ലാപ്ടോപ് വാങ്ങി വിതരണം - അപാകതകൾ

2019-20 സാമ്പത്തിക വർഷം അസിസ്റ്റന്റ് സെക്രട്ടറി നിർവ്വഹണം നടത്തിയ പട്ടികജാതി പ്രൊഫഷണൽ/ബിരുദ വിദ്യാർത്ഥികൾക്ക് ലാപ്ടോപ് എന്ന പദ്ധതി പ്രകാരം (നം.243/19-20) വികസന ഫണ്ടിൽ നിന്ന് 27489/-രൂപ (ബിൽ നം. 18/25.03.20) ചെലവഴിച്ച് ഒരു ലാപ്ടോപ് വാങ്ങി വിതരണം ചെയ്തിട്ടുണ്ട്.

സ.ഉ(സാധാ)നം.25/2018/ITD/01.02.2018 നിർദ്ദേശമനുസരിച്ച് കേരള സ്റ്റേറ്റ് ഐ ടി മിഷനു കീഴിലുള്ള CPRCS പോർട്ടൽ വഴി വാങ്ങുന്നതിനായി ഓർഡർ നൽകുകയും സപ്ലൈ ഏജൻസിയായ കെൽട്രോൺ നൽകിയ പ്രൊഫോർമ ഇൻവോയിസ് പ്രകാരമുള്ള തുകയായ 27489/-രൂപ കേരള സ്റ്റേറ്റ് ഐ ടി മിഷന് മുൻകൂറായി നൽകുകയും ചെയ്തിട്ടുണ്ട്. (PR.No.TVM/ITBG/PI/RC/17513/19-20, 17.03.20, വിൻഡോസ് 10 ലാപ്ടോപ് ഒന്നിന് 27489/-രൂപ) ഇൻവോയിസ് നം. RV200105004321/24.08.20 പ്രകാരം LENOVO കമ്പനിയിൽ നിന്നും 26432/-രൂപ മൂല്യത്തിലുള്ള ലാപ്ടോപാണ് ലഭ്യമായിട്ടുള്ളത്.

- പദ്ധതി പ്രകാരമുള്ള ലാപ്ടോപ് വിതരണം ചെയ്തതായ രേഖകളുണ്ടെങ്കിലും ആയത് ഇൻവോയിസ് പ്രകാരം സ്റ്റോക്കിലെടുക്കാതെയാണ് വിതരണം ചെയ്തിട്ടുള്ളത്.
- ലാപ്ടോപ് ലഭ്യമാക്കിയ ഇൻവോയിസ് നിർവ്വഹണ ഉദ്യോഗസ്ഥൻ മേലൊപ്പ് വെക്കേണ്ടതും കെൽട്രോൺ ഇൻസ്റ്റലേഷൻ സർട്ടിഫിക്കറ്റ് നൽകേണ്ടതുമാണ്. എന്നാൽ ഇത് പാലിച്ചിട്ടില്ല. മാത്രമല്ല, മുൻകൂർ തുക ക്രമീകരിച്ചുകൊണ്ട് കെൽട്രോൺ ഫൈനൽ ടാക്സ് ഇൻവോയിസ് നൽകേണ്ടതാണ്. എന്നാൽ ആയത് കെൽട്രോണിൽ നിന്നും ലഭ്യമാക്കിയിട്ടില്ല. ഇത് സംബന്ധിച്ച് ഓഡിറ്റ് എൻക്വയറി (നം. 3/16.07.21) നൽകിയതതനുസരിച്ച് കെൽട്രോണിന് കത്ത് നൽകിയിട്ടുണ്ട്.

കെൽട്രോണിൽ നിന്നും ഫൈനൽ ടാക്സ് ഇൻവോയിസ് ലഭ്യമാക്കി അറിയിക്കേണ്ടതാണ്. വാങ്ങൽ നടത്തുമ്പോൾ സർക്കാർ നിർദ്ദേശങ്ങൾ പാലിക്കേണ്ടതാണ്.

## 1-22 ഹാൾ ബുക്കിങ്ങ് - അപേക്ഷകൾ ഫയലിൽ സൂക്ഷിച്ചിട്ടില്ല.

പഞ്ചായത്തിന്റെ അധീനതയിലുള്ള ഓഡിറ്റോറിയം ( സി.എച്ച് ഹാൾ ) ബുക്കിംഗ് രജിസ്റ്റർ പരിശോധിച്ചതിൽ കൂടുതലായി സർക്കാർ ഔദ്യോഗികാവശ്യങ്ങൾക്കായി ഉപയോഗിച്ച് വരുന്നതായി കാണുന്നു. എന്നാൽ സ്ഥാപനമേധാവി ഹാൾ ആവശ്യപ്പെട്ടുകൊണ്ടുള്ള അപേക്ഷകൾ ഫയലിൽ സൂക്ഷിച്ചിട്ടില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്കു ലഭ്യമാക്കിയ മറുപടിയിൽ (ഓഡിറ്റ് എൻക്വയറി നം.26/26.07.2021) സർക്കാർ ഔദ്യോഗികാവശ്യങ്ങൾക്കായി ആവശ്യപ്പെടുന്നത് ഫോൺ മുഖേനയാണ്. ആയതിനാൽ അപേക്ഷ രേഖാമൂലം വാങ്ങാൻ സാധിച്ചിട്ടില്ല. വരും വർഷങ്ങളിൽ അപേക്ഷ രേഖാമൂലം വാങ്ങി ഫയലിൽ സൂക്ഷിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

# ഭാഗം -4

## 4-1 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കറ്റ് കണക്കുകൾ പരിശോധിച്ച തിയ്യതി | സർട്ടിഫിക്കറ്റ് നമ്പറും തിയ്യതിയും |
|---|---|---|
| 2019-20 | 12.7..2021 മുതൽ 26.7.2021 വരെ പാണ്ടിക്കാട് ഗ്രാമ പഞ്ചായത്തിന്റെ 2019-20 വർഷത്തെ ഓഡിറ്റ് വേളയിൽ വാർഷിക ധനകാര്യപത്രിക പരിശോധിച്ചു. | കെ.എസ്.എ.എം.പി.എം7/1128/2021 തിയ്യതി:- 10-08-2021 |

## 4-2 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നല്കിയ സ്ഥാപനം | ലഭിച്ച തുക | പദ്ധതി പേര്/നം | ചെലവഴിച്ച തുക | നീക്കിയിരിപ്പ് |
|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 3320000 | ലൈഫ് ഭവന പദ്ധതി (പ്രൊജക്ട് നം.19/20) | 3320000 | 00 |
| ജില്ലാ പഞ്ചായത്ത് | 9745000 | ഭിന്നശേഷി കുട്ടികൾക്ക് സ്കോളർഷിപ്പ് (പ്രൊജക്ട് നം.107/20) | 9745000 | 00 |
| | 1360000 | ലൈഫ് ഭവന പദ്ധതി (107/19-20) | 1360000 | - |

കുറിപ്പ്: സംയുക്ത പ്രോജക്ടുകൾക്ക് വേണ്ടി ലഭിക്കുന്ന തുകകൾ Joint Venture A/Cലൂടെ അക്കൗണ്ട് ചെയ്യപ്പെടാത്തതിനാൽ ഖണ്ഡിക1-4,4-2 എന്നിവയിൽ ഈയിനത്തിലെ നീക്കിയിരിപ്പ് പൊരുത്തപ്പെടുന്നില്ല.

## 4-3 നിക്ഷേപ പ്രവൃത്തികൾക്ക് നല്കിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷം ഡെപ്പോസിറ്റ് വർക്കിന് തുക നല്കിയതിന്റേയും ചെലവഴിച്ചതിന്റേയും വിവരം

| ക്ര. നം. | നിർവ്വഹണ ഏജൻസി | പ്രവർത്തിയുടെ പേര് | വൗച്ചർ നം./ ബിൽ/ചെക്ക് നം. | മുൻകൂർ നല്കിയ തുക | ചെലവഴിച്ച തുക | പൂർത്തീകരിച്ച വിവരം | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|---|
| 1 | കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് | വിവിധ കുടിവെള്ള പദ്ധതികളുടെ OYEC അടവാക്കൽ (പ്രൊജക്ട് നം.12/20) | 21900242/9.7.2019<br>21900645/14.11.2019<br>21900739/20.12.2019 | 12716<br>12814<br>34521 | 12716<br>12814<br>34521 | ലഭ്യമല്ല | |

| | | | | | | | |
|---|---|---|---|---|---|---|---|
| 2 | കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് | ആർപ്പിനിക്കുന്ന് അയ്യാമണ്ണ പോസ്റ്റ് മാറ്റി സ്ഥാപിക്കൽ (പ്രൊജക്ട് നം.161/20) | 21900836/17.1.20 | 59707 | 59707 | ലഭ്യമല്ല | |
| 3 | കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് | കാരായപ്പാറ പൊങ്കിപ്പൊയിൽ വൈദ്യുതി ലൈൻ വലിക്കൽ (പ്രൊജക്ട് നം.379/20) | 21900506 /4.10.2019 | 30334 | 30334 | ലഭ്യമല്ല | |
| 4 | കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് | മാങ്ങോട്ട് കുന്ന് കുടിവെള്ള പദ്ധതി വൈദ്യുതീകരണം (പ്രൊജക്ട് നം.402/20) | 21901268/30.3.20 | 233375 | 233375 | ലഭ്യമല്ല | |
| 5 | കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് | ആർപ്പിനിക്കുന്ന് കുടിവെള്ള പദ്ധതി പൂർത്തീകരണം (പ്രൊജക്ട് നം.403/20) | 21901269/30.3.20 | 154776 | 154776 | ലഭ്യമല്ല | |

## 4-4 മൊബിലൈലേസേഷൻ അഡ്വാൻസ് വിവരങ്ങൾ

-ഇല്ല-

## 4-5 വായ്പ/വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റേയും വർഷാവസാനം തിരിച്ചടക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| ക്രമ നം | വായ്പയുടെ ഉദ്ദേശ്യം | ഉത്തരവ് നം.തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടക്കാനുള്ള മുൻബാക്കി | തൻവർഷം അടച്ചത് | | വർഷാവസാനം ബാക്കി |
|---|---|---|---|---|---|---|---|
| | | | | | മുതൽ | പലിശ | |
| 1 | KURDFC ലൈഫ് ഭവന പദ്ധതി | G.O (MS)No.2278/Lsgd Dt.10.8.18 | 24500000 | 19840000 | 970588 | | 23529412 |
| | | | | | | | |

## 4-6 ഓഡിറ്റ് റിക്കവറി.

-ഇല്ല-

## 4-7 സ്ഥിരനിക്ഷേപങ്ങൾ

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | 720005 |
| തൻവർഷം നിക്ഷേപിച്ച തുക | 58988 |
| ആകെ | 778993 |
| തന്നാണ്ടിൽ പിൻവലിച്ച തുക | 0 |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിര നിക്ഷേപം | 7,78,993 |

വർഷാവസാനം അവശേഷിക്കുന്ന സ്ഥിര നിക്ഷേപം

| വർഷാവസാനം അവശേഷിക്കുന്ന സ്ഥിര നിക്ഷേപം | തുക |
|---|---|
| വെട്ടിക്കാട്ടിരി സർവ്വീസ് സഹകരണ ബാങ്ക് | 773993 |

| | |
|---|---|
| മലപ്പുറം ഡിസ്ട്രിക്ട് പഞ്ചായത്ത് എംപ്ളോയീസ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി ലി .നം.എം 567 | 5000 |
| ആകെ | 778993 |

## 4-8 ചാർജ് സർചാർജ് നടപടികളുടെ വിവരം.

ഇല്ല

## 4-9 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.

ഇല്ല

## 4-10 ഓഡിറ്റ് പ്രത്യവലോകനം.

(എ) സംക്ഷിപ്ത വിവരം.

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 11,33,95,438 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 100091307 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 501826 |

(ചെലവിനങ്ങളിലുള്ള നഷ്ടം,വരവിനങ്ങളിലുള്ള നഷ്ടം എന്നിവ ബിയിലേയും സിയിലേയും തുകയാണ്.)

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം.

ഇല്ല

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-20 | 23634 | ഡോ.ലാൻസ് ലെറ്റ് തോമസ്,<br>മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) |
| 1-19 | 30334<br>447858 | ദീപാകുമാരി.സെക്രട്ടറി<br>പ്രഭാകരൻ.കെ.സെക്രട്ടറി |
| ആകെ | 501826 | |

(സി) കേന്ദ്ര – സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം.

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ.

ഇല്ല.

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഓഡിറ്റ് നടന്ന സമയത്തെ ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ഡോ.ലാൻസ് ലെറ്റ് തോമസ്,<br>മെഡിക്കൽ ഓഫീസർ<br>(പി.എച്ച്.സി) | ലഭ്യമല്ല | കളപ്പുറത്ത്(വീട്)<br>അങ്ങാടിപ്പുറം .പി.ഒ<br>മലപ്പുറം-679321 |
| ദീപാകുമാരി.സെക്രട്ടറി | ലഭ്യമല്ല | കൊരുമ്പൂര്<br>എൈമുറി.പി.ഒ<br>എറണാകുളം 683544 |

| | | |
|---|---|---|
| പ്രഭാകരൻ.കെ.സെക്രട്ടറി | സെക്രട്ടറി, വേങ്ങര ഗ്രാമ പഞ്ചായത്ത് | കുറിഞ്ഞിക്കാട്ടിൽ(വീട്)<br>ഇരിങ്ങല്ലൂര്.പി.ഒ<br>വേങ്ങര<br>മലപ്പുറം-676304 |

## 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ക്ര.ന | വർഷം | ഈ വകുപ്പിൽ നിന്നുള്ള ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാത്ത ഖണ്ഡികകളുടെ എണ്ണം |
|---|---|---|---|
| 1 | 1997-98 | കെ.എസ്.എ.എം.പി.എം.6/821/16 തി.01.11.2010 | 43 |
| 2 | 1998-99 | എൽ.എഫ്.എം.6/1107/01 തി.01.11.2010 | 30 |
| 3 | 1999-00 | എൽ.എഫ്.എം.6/1892/07 തി.01.11.2010 | 23 |
| 4 | 2000-01 | എൽ.എഫ്.എം.6/1230/09 തി.01.11.2010 | 4 |
| 5 | 2001-02 | എൽ.എഫ്.എം.6/1231/09 തി.01.11.2010 | 6 |
| 6 | 2000-01<br>2001-02<br>(ചെലവ്) | എൽ.എഫ്.എം.6/1812/04 തി.01.11.2010 | 52 |
| 7 | 2002-03 | എൽ.എഫ്.എം.6/1232/09 തി.01.11.2010 | 30 |
| 8 | 2003-04 | എൽ.എഫ്.എം.6/1413/09 തി.01.11.2010 | 36 |
| 9 | 2004-05 | എൽ.എഫ്.എം.6/414/09 തി.01.11.2010 | 6 |
| 10 | 2005-06 | എൽ.എഫ്.എം.7/407/11 തി.4.6.2011 | 9 |
| 11 | 2006-07 | എൽ.എഫ്.എം.7/694/11 തി.3.8.2014 | 7 |
| 12 | 2007-08 | എൽ.എഫ്.എം.7/779/09 തി.15.12.09 | 11 |
| 13 | 2008-09 | എൽ.എഫ്.എം.7/1165/11 തി.12.7.2011 | 10 |
| 14 | 2009-10 | എൽ.എഫ്.എം.7/1166/11 തി.11.7.2011 | 10 |
| 15 | 2010-11 | എൽ.എഫ്.എം.7/764/12 തി.8.11.12 | 6 |
| 16 | 2011-12<br>2012-13 | എൽ.എഫ്.എം.7/1980/14 തി:3.12.2014 | 14 |
| 17 | 2013-14<br>2014-15 | എൽ.എഫ്.എം.7/1405/16 തി:14.06.2016 | 18 |
| 18 | 2015-16 | കെ.എസ്.എ./എം.പി.എം.7/3207/17തി: 8.2.2017 | 8 |
| 19 | 2016-17 | കെ.എസ്.എ./എം.പി.എം.7/1563/17തി: 26.07.2017 | 12 |
| 20 | 2017-18 | കെ.എസ്.എ./എം.പി.എം.7/2609/18 തി: 04.12.2018 | 17 |
| 21 | 2018-19 | കെ.എസ്.എ./എം.പി.എം.7/1838/19 തി: 29/07/2019 | 21 |

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം

## അനുബന്ധം-1
## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2019-2020 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ മലപ്പുറം ജില്ലയിലെ പാണ്ടിക്കാട് ഗ്രാമപഞ്ചായത്തിന്റെ 2019-2020-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2
## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

മലപ്പുറം ജില്ലയിലെ പാണ്ടിക്കാട് ഗ്രാമപഞ്ചായത്തിന്റെ 2019-2020 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്